Vol-2,Issue-13
16-04 - 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**പ്രധാന വാർത്തകൾ**

01. ക്രൈസ്തവ സഭകളെ ദേശീയബോധം പഠിപ്പിക്കേണ്ട-വയലാർ രവി.
02. നീതി കിട്ടുന്നില്ലെങ്കിൽ നിയമനടപടി സ്വീകരിക്കും: കാതോലിക്കാബാവ.
03. ന്യൂനപക്ഷ അവകാശം രാഷ്ട്രീയക്കാരുടെ ഔദാര്യമല്ല: ബിഷപ് മാർ പൗവ്വത്തിൽ.
04. ഭരിക്കാനുള്ള ഭൂരിപക്ഷം ഏകാധിപത്യത്തിനുള്ള ലൈസൻസല്ല: മാർ ജോർജ്ജ് വലിയമറ്റം
05. Liberal Group - Kerala
06. Statistics of Educational Institutions in Kerala

## 01. ക്രൈസ്തവസഭകളെ ദേശീയബോധം പഠിപ്പിക്കേണ്ട- വയലാർ രവി. (മാതൃഭൂമി 07-04-2008)

ക്രൈസ്തവസഭകളെ ദേശീയബോധം പഠിപ്പിക്കാൻ ആരും വളർന്നിട്ടില്ലെന്ന് കേന്ദ്രമന്ത്രി വയലാർ രവി. പാളയം സെന്റ് മേരി സമാധാന രാജ്ഞി മലങ്കര കത്തോലിക്കാ പ്രോ കത്തീഡ്രൽ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് നടന്ന സർവമത സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവ സഭകളെപ്പോലെ ദേശീയബോധം പുലർത്തുന്ന മറ്റൊരു സമൂഹം രാജ്യത്തില്ല. കേരളത്തിന്റെ സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിൽ സഭ നൽകിയ സംഭാവനകൾ മറന്ന് സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചിലർ അടിച്ചു തകർക്കുന്നത് ന്യായീകരിക്കാനാവില്ല. പഠിക്കുന്ന സ്ഥാപനം തന്നെ തല്ലിതകർക്കുന്നത് രാജ്യത്തിനപമാനകരമാണ്.

ഭരണത്തിന്റെ പിൻബലത്തിൽ വിദ്യാർത്ഥി പ്രസ്ഥാനം നടത്തുന്ന പ്രതികാര ബുദ്ധിയോടെയുള്ള സമരമാണിത്. ഇതിനെതിരെയുള്ള പ്രതിഷേധം കെട്ടടങ്ങുമെന്ന് ആരും വ്യാമോഹിക്കേണ്ട. തല്ലിത്തകർക്കാൻ ശ്രമിച്ചാലും സ്ഥാപനം പൂട്ടിപ്പോകില്ല. കേരളത്തിൽ ഒരു ക്രൈസ്തവനെങ്കിലും ജീവിച്ചിരിക്കുമെങ്കിൽ ഈ കോളേജുകൾ തുറന്ന് പ്രവർത്തിക്കും. വിദ്യാഭ്യാസ രംഗത്ത് അരാജകത്വം സൃഷ്ടിക്കാൻ ശ്രമിക്കുന്നവർക്കെതിരെ സർക്കാർ കർശന നടപടിയെടുക്കണം. പ്രതിഷേധക്കാർ സഭ നൽകിയിട്ടുള്ള സംഭാവനകളുടെ ചരിത്രം പഠിക്കാൻ തയ്യാറാകണമെന്നും വയലാർ രവി പറഞ്ഞു.

## 02. നീതി കിട്ടുന്നില്ലെങ്കിൽ നിയമനടപടി സ്വീകരിക്കും: കാതോലിക്കാബാവ. (ദീപിക 04-04-2008)

മാക്ഫാസ്റ്റ് കോളേജിനു നേരെയുണ്ടായ ആക്രമണത്തെ സംബന്ധിച്ച് സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ നീതിയുക്തമായ അന്വേഷണം നടത്തണമെന്നു മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. തൃപ്തികരമായ അന്വേഷണമുണ്ടാകുന്നില്ലെങ്കിൽ നിയമനടപടിക്ക് സഭ തയ്യാറാകും. വേണ്ടിവന്നാൽ സി.ബി.ഐ അന്വേഷണവും സഭ ആവശ്യപ്പെടുമെന്നും കാതോലിക്കാ ബാവ പറഞ്ഞു. മാക്ഫാസ്റ്റിനു നേരെയുണ്ടായ ആക്രമണത്തെ തുടർന്ന് അസത്യം നിറഞ്ഞ പ്രസ്താവനകൾ ഒരു ഭാഗത്തുനിന്ന് നടത്തുന്നത് സഭയ്ക്കു വേദന ഉളവാക്കിയിട്ടുണ്ട്. സത്യം പുറത്തു വരണമെന്നാണ് സഭയുടെ ആഗ്രഹം. രാജ്യത്തെ നീതിന്യായ വ്യവസ്ഥയിൽ സഭ വിശ്വാസം അർപ്പിക്കുന്നു.

ആത്മഹത്യാ കുറിപ്പിന്റെ പേരിലാണ് നീതി നിർവ്വഹിക്കപ്പെടുന്നതെങ്കിൽ രാജ്യത്ത് പോലീസിന്റെയും നീതിന്യായ സംവിധാനങ്ങളുടെയുംപ്രസക്തിയെന്താണെന്നും വ്യക്തമാക്കണം. ആത്മഹത്യയെ ആഘോഷമാക്കുന്നവർക്ക് ത്യാഗത്തോടെ കെട്ടിപ്പടുത്ത സ്ഥാപനങ്ങളെ എങ്ങനെയും തല്ലിക്കെടുത്തണമെന്ന ആഗ്രഹമാണുള്ളത്. സഭാ സ്ഥാപനങ്ങളെ തെരഞ്ഞുപിടിച്ച് ആക്രമിക്കുകയായിരുന്നു. ക്രിസ്തീയമാർഗ്ഗം വിട്ട് സഭ ഇതിനോട് പ്രതികരിച്ചിട്ടില്ല. തീവ്രമായ ആരോപണങ്ങൾ വന്നപ്പോഴൊക്കെ വ്യക്തിപരമായി ആരേയും കുറ്റപ്പെടുത്തിയിട്ടുമില്ല. ഇതൊക്കെ ബലഹീനതയായി കാണരുതെന്നും ബാവ ഓർമ്മിപ്പിച്ചു. കൈ ഉയർത്തി അടിക്കുന്നവനാണ് ശക്തനെന്നും കൈ കൂപ്പിനിൽക്കുന്നവൻ ബലഹീനനാണെന്നും കരുതരുത്. യാഥാർത്ഥ്യബോധത്തോടെയും ക്രിസ്തീയ ചൈതന്യത്തോടെയും ഇത്തരം പ്രശ്നങ്ങളെ നേരിടാനാണ് തീരുമാനം. ഗുണ്ടായിസത്തിന്റെ പിന്നാലെ പോകാൻ സഭാമക്കളെക്കിട്ടില്ല. ഇത്തരത്തിലൊരു ആഹ്വാനവും സഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുമില്ല, ഉണ്ടാവുകയുമില്ല. എന്നാൽ, സഭയുടെ സ്ഥലവും സ്ഥാപനങ്ങളും സംരക്ഷിക്കേണ്ടതുമുണ്ട്. അതിന് സഭാമക്കൾക്കു കഴിയുകയും ചെയ്യും.

ദൈവത്തെ മുറുകെപ്പിടിച്ചും നീതിയും സത്യവും ഉൾക്കൊണ്ടുമായിരിക്കും സഭയുടെ പ്രവർത്തനം. ക്ഷമയെക്കുറിച്ചും സഭാ നേതൃത്വത്തെ ആരും പഠിപ്പിക്കേണ്ടതില്ലെന്നും അതിരൂപത പ്രതിപുരുഷ സമ്മേളനത്തിൽ കാതോലിക്കാബാവ പറഞ്ഞു. മാർക്സും ഏംഗൽസും ജനിക്കുന്നതിനു മുമ്പേ ക്ഷമയുടെ പാഠങ്ങൾ പഠിച്ചവരാണ് ക്രൈസ്തവർ. സഭ ഉയർത്തുന്ന ആശയങ്ങളെ ആശയങ്ങൾകൊണ്ടു നേരിടാൻ തയ്യാറാകട്ടെ: സംഭാഷണം, ചർച്ചകൾ ഇവയിലൊക്കെയാണ് സഭ വിശ്വസിക്കുന്നതെന്നും കാതോലിക്കാ ബാവ പറഞ്ഞു. മാക്ഫാസ്റ്റ് കോളജ് മാനേജ്മെന്റിനെക്കുറിച്ച് ആക്ഷേപമുള്ള ആത്മഹത്യാക്കുറിപ്പ് ഉണ്ടെന്ന് പറയുന്നവർ അതെന്താണെന്ന് ഇതുവരെ ബന്ധപ്പെട്ടവരെ അറിയിച്ചിട്ടില്ലെന്നു തിരുവല്ല അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ് ഡോ. തോമസ് കൂറിലോസ് പറഞ്ഞു. കോളേജിലെ വിദ്യാർത്ഥിനിയുടെ മരണവുമായി ബന്ധപ്പെട്ട് ഏതന്വേഷണവുമായി സഹകരിക്കാൻ മാനേജ്മെന്റ് തയ്യാറാണ്. കോളേജിന് നാശനഷ്ടമുണ്ടാക്കിയവർക്കെതിരേ കേസെടുക്കണം. നഷ്ടമായത് വീണ്ടെടുക്കാൻ നിയമ നടപടി സ്വീകരിക്കുമെന്നും മാർ കൂറിലോസ് പറഞ്ഞു.

### 03. ന്യൂനപക്ഷ അവകാശം രാഷ്ടീയക്കാരുടെ ഔദാര്യമല്ല: ബിഷപ് മാർ പൗവ്വത്തിൽ.

(ദേശാഭിമാനി 08-04-2008)

ന്യൂനപക്ഷ അവകാശം സമ്മർദ്ദം ചെലുത്തി അടിയറ വെപ്പിക്കാൻ കേരള സർക്കാർ നോക്കേണ്ടെന്നും അത് രാഷ്ടീയക്കാരുടെ ഔദാര്യമല്ലെന്നും ഇന്റർ ചർച്ച് കൗൺസിൽ പ്രസിഡന്റ് മാർ ജോസഫ് പൗവ്വത്തിൽ പറഞ്ഞു. നിർമലഗിരി ഐറിഷ് പഠന ഗവേഷണ കേന്ദ്രം സംഘടിപ്പിച്ച ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്വാശ്രയമെന്ന് കേട്ടാൽ അത് കശക്കണമെന്നാണ് മന്ത്രിമാരുടെ മനസ്സിലിരിപ്പ്. ഭരിക്കുന്ന പാർട്ടിയുടെ ഇംഗിതത്തിന് അനുസരിച്ച് വിദ്യാഭ്യാസത്തെ മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്. ഭരണഘടന രൂപപ്പെടുത്തിയവർക്ക് ജനാധിപത്യവീക്ഷണമുണ്ടായിരുന്നു. അതുകൊണ്ട് ഭാഷയോടും മതത്തോടും ചേർന്നുള്ള വൈവിധ്യത്തെ മുതൽ കൂട്ടായാണ് കണ്ടിരുന്നത്. എന്നാൽ, ഇവിടെ അതിന് തുരങ്കം വെയ്ക്കാനാണ് അധികാരം കയ്യാളുന്നവർ ശ്രമിക്കുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് നേരെയുള്ള കയ്യേറ്റം ജനാധിപത്യത്തിനു നേരെയുള്ള കയ്യേറ്റമാണ്. മതസൗഹാർദത്തെ നിഷേധിക്കലാണ്. അത് ജനാധിപത്യത്തിന് യോജിച്ചതല്ല. ഭരണഘടനയിൽ ന്യൂനപക്ഷ അവകാശങ്ങൾ കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. അതിനുമേൽ കൈവെക്കുന്നത് ഭരണഘടനാ ലംഘനം കൂടിയാണ്- പൗവ്വത്തിൽ പറഞ്ഞു. ഇന്ത്യൻ ഭരണഘടന രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക് നൽകുന്ന അവകാശങ്ങളെ അധികരിച്ച് ശ്രീപുരം സ്കൂളിൽ നടക്കുന്ന ദ്വിദിന സെമിനാറിന്റെ ഉദ്ഘാടന ചടങ്ങിൽ തലശ്ശേരി ആർച്ച് ബിഷപ് മാർ ജോർജ്ജ് വലിയമറ്റം അധ്യക്ഷനായിരുന്നു.

### 04. ഭരിക്കാനുള്ള ഭൂരിപക്ഷം ഏകാധിപത്യത്തിനുള്ള ലൈസൻസല്ല: മാർ ജോർജ്ജ് വലിയമറ്റം.

(ദീപിക 08-04-2008)

കേരളമിപ്പോൾ ഭരിക്കുന്നത് ജനാധിപത്യ സർക്കാരാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്ന് തലശേരി അതിരൂപതാ ആർച്ച് ബിഷപ് മാർ ജോർജ്ജ് വലിയമറ്റം.

സംസ്ഥാനസർക്കാരിന്റെ ജനദ്രോഹപരമായ മദ്യനയത്തിനെതിരെ കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന കണ്ണൂർ കളക്ടറേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. പുതിയ മദ്യനയം പിൻവലിക്കണം. ജനക്ഷേമം നടപ്പാക്കേണ്ട സർക്കാർ, പണത്തിനു വേണ്ടി ജനങ്ങളെ ധാർമിക- സാംസ്കാരിക ജീർണതയിലേക്കു തള്ളിവിടുന്ന മദ്യത്തെയും മറ്റു ലഹരി വസ്തുക്കളെയും പ്രോത്സാഹിപ്പിക്കുന്നത് ജനവഞ്ചനയാണ്. മദ്യമെന്ന തിൻമയെ പരാജയപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ ഒരു സർക്കാർ എത്ര വലിയ നേട്ടങ്ങളുണ്ടാക്കിയാലും ഫലം വട്ടപൂജ്യമായിരിക്കും. ജനങ്ങൾ നൽകിയ മൃഗീയ ഭൂരിപക്ഷം തങ്ങൾക്ക് ഏകാധിപത്യം നടപ്പാക്കാനുള്ളതല്ലെന്ന് അധികാരത്തിലുള്ളവർ മനസ്സിലാക്കണം.

മദ്യം വിഷമാണെന്ന് ഒരു വശത്ത് പ്രചരണം നടത്തുമ്പോഴും അടച്ചുപൂട്ടിയ കള്ളുഷാപ്പുകൾ തുറക്കാനുള്ള നീക്കം സംസ്ക്കാരമുള്ള സർക്കാരിനു ചേർന്നതല്ല. മദ്യത്തെ തള്ളിപ്പറയാത്ത സംസ്കാരമുണ്ടായിരുന്ന വിദേശഭരണകാലത്തു പോലും വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും നിശ്ചിത അകലത്തിൽ മാത്രമാണ് മദ്യ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അതല്ല അവസ്ഥ- ആർച്ച് ബിഷപ് പറഞ്ഞു. കണ്ണൂർ ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ അധ്യക്ഷനായിരുന്നു. രാഷ്ട്രീയ ഭരണകാര്യങ്ങളിൽ അഴിമതിക്കാരല്ലാത്തവർ വന്നാൽ മാത്രമേ മദ്യനിരോധനം സാധ്യമാവുകയുള്ളൂവെന്ന് അധ്യക്ഷപ്രസംഗത്തിൽ ഡോ. വർഗീസ് ചക്കാലക്കൽ പറഞ്ഞു. ബീവറേജ് കോർപറേഷനുവേണ്ടി സർക്കാർ മുതൽ മുടക്കുമ്പോൾ മദ്യം കൊണ്ടുള്ള ദുരന്തവും വേദനയും അനുഭവിക്കുന്നത് ഒരുപാട് കുടുംബങ്ങളാണ്. ഇതു കണ്ടില്ലെന്ന് നടിക്കാൻ ഒരു ജനാധിപത്യ സർക്കാരിനും ആവില്ലെന്ന് ബിഷപ് മാർ ജോസഫ് പണ്ടാരശേരിൽ പറഞ്ഞു.

## **05. Liberal Group - Kerala.**

Liberal Group-Kerala is a non-party forum formed for the purpose of striving towards a Free,Virtous,and Prosperous kerala.

It was inaugurated on 10th August 2001 by Dr.V.Ramachandran former Chairman of Kerala State Planning Board at a well attended function held at Windsor Castle Hotel Kottayam.Its present President is Prof.Babu Joseph,who was formerly Principal of St.Thomas college,Ranni.He is also winner of International freedom award 2006 instituted by Templeton Foundation USA.

The objectives of the group

**1** Restoration of values or Dharma in society.

**2** Striving towards a limited government and decentralization of powers at all levels with a vibrant and participatory local government.

**3** Encouraging Entrepreneurship as an engine of growth at all levels and help unleashing the creative energies of people subject to regulation in public interest.

**4** Bringing up well trained quality leadership at all levels.

The group is affiliated to Indian Liberal Group Bombay founded by late Sri .Minoo Masani the eminent parliamentarian and economist.Those who want to know more about the group can visit its official web site and E. news letter by clicking on to www.liberalgroupkerala.org or **contact** Prof.Babu Joseph,President,Liberal Group-Kerala,Muttambalam Po,Kottayam 686004 ,Kerala.Tel.0481-2560754,M 9447115020.E.mail josephbabu1@ yahoo.co.in.